സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുക്കുന്നവർക്ക് പലിശയിളവ്

68 (7904) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. എം. ഉമ്മർ :

ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്തവർക്ക് പലിശ ഇളവ് അനുവദിക്കുന്ന സാഹചര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെങ്കിലും വിധത്തിൽ ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത ലോണിൽ ഏതെല്ലാം തരത്തിൽ ഇളവുകൾ അനുവദിക്കാറുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഇത്തരം സാഹചര്യത്തിൽ 2013-14 വർഷത്തിൽ എത്ര ഋക ഇളവു ചെയ്തു നല്കിയിട്ടുണ്ട് ?

ഉത്തരം

(എ) ഹ്രസ്വകാല കാർഷിക വായ്പകൾ യഥാസമയം തിരികെ അടയ്ക്കുന്ന അംഗങ്ങൾക്ക് നബാർഡ് മുഖേന കേന്ദ്ര സർക്കാർ 3% പലിശ സബ്‌വെൻഷനും സംസ്ഥാന സർക്കാർ പരമാവധി 5% പലിശയിളവും നൽകുന്നുണ്ട്. നെൽകൃഷി വായ്പ എടുക്കുന്നവർക്ക് പരമാവധി പലിശ (7%) പലിശ സബ്സിഡിയായി നൽകുന്നുണ്ട്. കൂടാതെ, കടിശ്ശിക നിവാരണ പദ്ധതി (ആശ്വാസ് തുടങ്ങിയവ) കാലയളവുകളിൽ സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെയുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, മാരകരോഗം ബാധിച്ചവർ, ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയരായവർ, മാനസിക രോഗം ബാധിച്ചവർ, മേൽപ്രകാരമുള്ളവർ കുടുംബാംഗങ്ങളായിട്ടുള്ളവരും, മാതാപിതാക്കൾ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ടുപോയ അനാഥ കുട്ടികൾ, നിരാലംബരായ വൃദ്ധജനങ്ങൾ എന്നിവരുടെ കടിശ്ശികയായ വായ്പകൾ തിരികെ അടയ്ക്കുമ്പോൾ പരമാവധി പലിശ ഇളവുകൾ അനുവദിക്കുന്നുണ്ട്.

(ബി) വായ്പാ തിരിച്ചടവിന് കഴിവില്ലാത്ത വായ്പക്കാരുടെ വായ്പകളുടെ പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കാറുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന കടിശ്ശിക നിവാരണ പദ്ധതികൾ (ആശ്വാസ് തുടങ്ങിയവ) മുഖേന മാനുഷിക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ വായ്പയുടെ പിഴപ്പലിശയും മുതലിനങ്ങളും ചില കേസുകളിൽ പലിശ മുഴുവനായോ ചില കേസുകളിൽ വായ്പാ ബാധ്യത

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുഴുവനായോ സംഘം ഭരണ സമിതികൾ ഒഴിവാക്കി നൽകാറുണ്ട്. സർക്കാരിന്റെ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാകാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഒഴിവാക്കി നൽകുന്ന പദ്ധതി നിലവിലുണ്ട്.

വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, മത്സ്യത്തൊഴിലാളികൾ എന്നിവരെ സഹായിക്കുന്നതിനായി കടാശ്വാസ പദ്ധതികളും കർഷകരുടെ ബാധ്യത ലഘൂകരിക്കുന്നതിനായി കർഷക കടാശ്വാസ കമ്മീഷനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് നൽകുന്ന അവാർഡുകളുമായി ബന്ധപ്പെട്ട സർക്കാർ ബാധ്യത ഇനത്തിൽ സഹകരണ സംഘം രജിസ്ട്രാർക്ക് 2013-14 വർഷത്തിൽ 15 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതിനായി 2013-14 വർഷത്തിൽ 19.50 കോടി രൂപ സർക്കാർ അനുവദിച്ച് നൽകുകയും ആയത് സംഘങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘത്തിൽനിന്നും എടുത്തിരുന്ന കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും 50,000 രൂപാവരെയുള്ള ബാധ്യത സർക്കാർ ഏറ്റെടുത്തും ടി പദ്ധതിക്കായി 12 കോടി രൂപ 2013-14 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി തുക അർഹരായ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള വകുപ്പുതല പരിശോധന നടന്നുവരുന്നു. 2013-14 വർഷത്തിൽ 'ആശ്വാസ് 2014' പദ്ധതി പ്രകാരം 108.53 കോടി രൂപയുടെയും ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം 3.62 കോടി രൂപയുടെയും പലിശ ഇളവനുവാദം നൽകിയിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷത്തിൽ നെൽകർഷകർക്ക് പലിശ രഹിത വായ്പ നൽകുന്ന സഹകരണ സംഘങ്ങൾക്ക് പലിശ സബ്സിഡി നൽകുന്നതിനായി 1.50 കോടി രൂപ നീക്കി വച്ചിട്ടുണ്ട്, ഇക്കാര്യത്തിൽ സഹകരണ സംഘങ്ങളിൽനിന്നും ലഭിച്ച ക്ലെയിം അനുസരിച്ച് 37.56 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി തുക ക്ലെയിം ലഭിക്കുന്നതനുസരിച്ച് അനുവദിച്ച് നൽകുന്നതാണ്. S